# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.77/PR/PIC/PHQ/17 Date : 15.04.2017

## ഗതാഗത സന്ദേശങ്ങളുമായി 'പപ്പു' പ്രയാണം തുടങ്ങി

പൊതുനിരത്തിലെ അപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് അവബോധം വളർത്തുന്നതിനും ലക്ഷ്യമിട്ട് ജനമൈത്രി പോലീസിന്റെ ട്രാഫിക് ബോധവത്കരണ കേരള യാത്ര ആരംഭിക്കുന്നു. ട്രാഫിക് ബോധവത്കരണത്തിനായി അവതരിപ്പിച്ച കഥാപാത്രം 'പപ്പു' സീബ്രയാണ് ഗതാഗത സുരക്ഷാ സന്ദേശങ്ങളുമായി പ്രയാണം നടത്തുന്നത്. ഏപ്രിൽ 17ന് കാസർഗോഡ് നിന്നാരംഭിച്ച് ജൂൺ 15ന് 'പപ്പു'വിന്റെ പ്രയാണം തിരുവനന്തപുരത്ത് സമാപിക്കും. ഇതിനുമുന്നോടിയായി 'പപ്പു' സീബ്രയോടൊപ്പം ബോധവത്കരണ വാഹനം കാസർഗോട്ടേക്ക് യാത്ര തിരിച്ചു. ദക്ഷിണമേഖല എ.ഡി.ജി.പി.യും ജനമൈത്രി നോഡൽ ഓഫസറുമായ ഡോ.ബി.സന്ധ്യ ഫ്ളാഗ് ഓഫ് ചെയ്തു. ചടങ്ങിൽ ഐ.ജി. മനോജ് എബ്രഹാം, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ജി.സ്പർജൻ കുമാർ എന്നിവർ പങ്കെടുത്തു.

അശ്രദ്ധയും അറിവില്ലായ്മയും അസഹിഷ്ണുതയും റോഡപകടങ്ങൾക്ക് എങ്ങനെ കാരണമാകുന്നു എന്ന് യാത്രയിലെ വിവിധ പരിപാടികളിലൂടെ 'പപ്പു' വിശദീകരിക്കും. ലഹരിമരുന്നുകളുടെയും മൊബൈൽ ഫോണുകളുടെയും ദുരുപയോഗം എങ്ങനെ റോഡപകടങ്ങൾക്ക് കാരണമാകുന്നുവെന്നതും സുരക്ഷിതയാത്രയുടെ വിവിധ നിർദ്ദേശങ്ങളും ജനങ്ങളിലെത്തിക്കുന്നതിനും വിവിധ പരിപാടികൾ യാത്രയുടെ ഭാഗമായി നടത്തും.

റോഡപകടങ്ങൾ മൂലം ശരാശരി നാലായിരത്തിലേറെ പേർ പ്രതിവർഷം സംസ്ഥാനത്ത് മരണപ്പെടുന്നുണ്ട്. ഇതിൽ ഭൂരിഭാഗം മരണങ്ങളും ഇരുചക്രവാഹനാപകടങ്ങൾ മൂലമാണ്. അശ്രദ്ധമായ ഡ്രൈവിങ് മൂലമാണ് കൂടുതൽ അപകടങ്ങളും ഉണ്ടാകുന്നത്. അപകടങ്ങൾ നടന്നാൽ 'ഗോൾഡൻ അവർ' എന്നറിയപ്പെടുന്ന ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽ പരിക്കേറ്റയാളെ ആശുപത്രിയിലെത്തിക്കേണ്ടതും പരിക്കേറ്റയാളെ ആശുപത്രിയിലേക്ക് ശരിയായ രീതിയിൽ എത്തിക്കേണ്ടതും പ്രധാനമാണ്. ഇത്തരം കാര്യങ്ങളൊക്കെ ബോധവത്കരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ പറഞ്ഞു.

*******